**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6067** **09-07-2024 - ൽ മറുപടിയ്ക്ക്**

**നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലാവ് പദ്ധതി കെ.എസ്.ഇ.ബി.യുടെ നിയന്ത്രണത്തിലാണോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ പദ്ധതിയുടെ കാലാവധി വിശദമാക്കുമോ; | (എ) | കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന പരമ്പരാഗത തെരുവു വിളക്കുകൾക്കു പകരം LED തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നതാണ് നിലാവ് പദ്ധതി. KIIFB യുടെ സാമ്പത്തിക സഹായത്തോടു കൂടിയാണ് (തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ) പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ഗവൺമെന്റ് ഓർഡർ പ്രകാരം നിലാവ് പദ്ധതിക്ക് വേണ്ടിയുള്ള LED ബൾബുകളുടെ വാങ്ങലും സ്ഥാപിക്കലും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആഭിമുഖ്യത്തിലാണ് നടക്കുന്നത്. നൂതനവും സുതാര്യവും മത്സരാധിഷ്ഠിതവുമായ ടെണ്ടർ നടപടികളിലൂടെ LED ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടേയും നിരക്കുകൾ പദ്ധതിയുടെ പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റായ Energy Efficiency Services Limited (EESL) കണ്ടെത്തുകയും അങ്ങനെ കണ്ടെത്തിയ നിരക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അറിയിക്കുകയും അതനുസരിച്ച കെ.എസ്.ഇ.ബി. ലിമിറ്റഡ് Purchase Order/LOA EESL-ന് നൽകുകയുമാണ് ചെയ്തു വരുന്നത്. സബ്കോൺട്രാക്റ്റേഴ്സിനെ തിരഞ്ഞെടുക്കുന്ന ദൗത്യം EESL-ൽ നിക്ഷിപ്തമാണ്. നിലാവ് പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED കളിൽ 7 വർഷം എന്ന വാറന്റി കാലാവധിക്കുള്ളിൽ കേടാവുന്ന ബൾബുകൾ സൗജന്യമായി EESL പുനഃസ്ഥാപിക്കേണ്ടതാണ്. ആയതിനാൽ നിലാവ് പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മാത്രം നിയന്ത്രണത്തിലുള്ളതല്ല.<br><br>നിലാവ് പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | ഗവൺമെന്റ് ഓർഡർ പ്രകാരമുള്ള DPR-ൽ പദ്ധതിയുടെ കാലാവധി ഡിസംബർ 2021 ആണ്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യകതയ്ക്കനുസൃതമായാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ്, പ്രസ്തുത LED സ്ട്രീറ്റ് ലൈറ്റുകളും അനുബന്ധ സാമഗ്രികളും EESL-ൽ നിന്നും വാങ്ങി പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്ഥാപിക്കുന്നത്. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ പേര് വിവരം വ്യക്തമാക്കുമോ; | (ബി) | കൂത്തുപറമ്പ് മുൻസിപ്പാലിറ്റി, പാട്യം, കുന്നോത്തുപറമ്പ്, മൊകേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. |
| (സി) | കൂത്തുപറമ്പ് മണ്ഡലത്തിൽ പദ്ധതി പ്രകാരം ഘടിപ്പിച്ച ബൾബുകളിൽ കേടായവ മാറ്റി ഘടിപ്പിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ആരുടെ ചുമതലയാണെന്ന് വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ കേടായ ബൾബുകൾ ശേഖരിച്ച് സെക്ഷനോഫീസുകളിൽ നൽകുമ്പോൾ ഇവ റിപ്പയർ ചെയ്ത് നൽകേണ്ട ചുമതല EESL-ന്റേതാണ്. ആയത് കേടുപാടുകൾ തീർത്തു നൽകുന്നതിന് EESL എടുക്കുന്ന കാലതാമസമാണ് ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിന് തടസ്സം നേരിടുന്നത് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ഡി) | നിലാവ് പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നിബന്ധനകളോ വിലക്കുകളോ ഉണ്ടോ; എങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | നിലാവ് പദ്ധതി നടപ്പിലാക്കിയ മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് നിബന്ധനകളോ വിലക്കുകളോ ഇല്ല. എന്നാൽ നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട് LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച പോസ്റ്റുകളിൽ മറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കാറില്ല. കിഫ്ബിയുടെ ഫണ്ടിംഗ് ആയതിനാൽ ഗവൺമെന്റ് ഓർഡർ പ്രകാരം 7 വർഷക്കാലയളവിൽ, പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ കിഫ്ബിക്ക് നൽകേണ്ടതാണ്. ധനകാര്യ വകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറയ്ക്കുന്ന തുക ഓരോ സാമ്പത്തിക വർഷത്തിലും നേരിട്ട് കിഫ്ബിക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ